**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5839** **03.11.2016 ന് മറുപടിയ്ക്ക്**

**വ്യാജമദ്യ കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാജമദ്യ കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഈ മുൻകരുതലുകൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. മയക്കു മരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തി ക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ വ്യാജമദ്യ കടത്ത് |

| | | | |
|---|---|---|---|
| | | | തടയുന്നതിന് എല്ലാ മുൻകരുതലുകളും സ്വീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ മറ്റ് ഏതെല്ലാം രീതിയിൽ വ്യാജമദ്യം കടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായുള്ള പാതകളിലൂടെയാണ് പ്രധാനമായും വ്യാജമദ്യം കടത്തിക്കൊണ്ടു വരുവാൻ സാധ്യതയുള്ളത്. കൂടാതെ റെയിൽ മാർഗ്ഗവും കടൽ മാർഗ്ഗവും സംസ്ഥാന അതിർത്തികളിലെ ഊടുവഴികളിലൂടെ തലച്ചുമടായും വ്യാജമദ്യം സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരാനുള്ള സാധ്യത നിലവിലുണ്ട്. |
| (സി) | ജലമാർഗ്ഗവും റെയിൽമാർഗ്ഗവും സംസ്ഥാനത്ത് മദ്യകടത്ത് നടക്കുന്നുണ്ടെന്നും ഇത്തരത്തിലുള്ളമദ്യകടത്ത് തടയുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ലെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വ്യാജമദ്യ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ മുതലായവയുടെ സഹായം പരമാവധി ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | നിലവിൽ പോലീസ്, റെയിൽവേ മുതലായ വിഭാഗങ്ങളുടെ സഹായം എക്സൈസ് വകുപ്പ് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**